(ബി) നിർമ്മാണം വൈകിയതുമൂലം അധികതുക ചെലവഴിച്ച പദ്ധതികളുടെ വിവരം താഴെകാണും പ്രകാരമാണ് :

	പദ്ധതിയുടെ പേര്	അധികമായി നാളിതുവരെ ചെലവഴിച്ചത്
1.	കാഞ്ഞിരപ്പുഴ	10812.79 ലക്ഷം
2.	കാരാപ്പുഴ	18236.26 ലക്ഷം
3.	പഴശ്ശി	15178.97 ലക്ഷം
4.	കല്ലട	64670 ലക്ഷം
5.	ഇടമലയാർ	7805 ലക്ഷം
6.	മൂവാറ്റുപുഴ	35792 ലക്ഷം

(സി) 1. റഗുലേറ്റർ-കം-ബ്രിഡ്ജ് ചമ്രവട്ടം പദ്ധതി ബി.ഒ.ടി. അടിസ്ഥാനത്തിൽ നടപ്പാക്കുന്നതിന് ഒരു അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്.

2. അട്ടപ്പാടി വാലി ഇറിഗേഷൻ പദ്ധതിയുടെ "എൻവയോൺമെന്റ് ഇംപാക്റ്റ് അസസ്മെന്റ്" പഠനം പൂർത്തിയാക്കിയ ശേഷം പുനരാരംഭിക്കുന്നതാണ്.

3. കുറിയാർകുറ്റി-കാരപ്പാറ പദ്ധതി ഒരു വിവിധോദ്ദേശ്യ പദ്ധതിയാണ്. പ്രവർത്തനം പുരോഗമിച്ചുവരുന്നു.

4. വാമനപുരം ജലസേചന പദ്ധതി. ഫണ്ടിന്റെ അപര്യാപ്തതയും ഭൂമി ഏറ്റെടുക്കുന്നതിനുള്ള കാലതാമസവുമാണ് കാരണം.

(ഡി) അട്ടപ്പാടി വാലി ഇറിഗേഷൻ പ്രോജക്ട്, കുറിയാർകുറ്റി-കാരപ്പാറ പദ്ധതി എന്നീ പദ്ധതികൾക്ക് നാളിതുവരെ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ക്ലിയറൻസ് ലഭിച്ചിട്ടില്ല.

പ്രോജക്ട് രണ്ടിന്റെ കീഴിൽ നടപ്പിലാക്കുന്ന എല്ലാ പദ്ധതികൾക്കും ആവശ്യം വേണ്ടിടത്ത് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ക്ലിയറൻസ് ലഭിച്ചിട്ടുണ്ട്.

സ്റ്റോറേജ് കപ്പാസിറ്റി കുറഞ്ഞിട്ടുള്ള ജലസംഭരണികൾ

47 (2325) ശ്രീ. എം. മുരളി :
ശ്രീ. ഡി. സുഗതൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് [illegible] മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം ജലസേചന പദ്ധതികളുടെ ജലസംഭരണികളിലെ സ്റ്റോറേജ് കപ്പാസിറ്റി കുറഞ്ഞിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അതിനുള്ള കാരണമെന്താണ് ;

(സി) ജലസംഭരണികളുടെ അടിത്തട്ടിൽ ഒഴുകിയെത്തിയിട്ടുള്ള കല്ലും മണ്ണും നീക്കം ചെയ്യുന്നതിന് എന്തെങ്കിലും പദ്ധതിയുണ്ടോ ;

(ഡി) പദ്ധതി പ്രദേശങ്ങളിലെ ജലസംഭരണിക്ക് സമീപമുള്ള കൃഷി നിരോധിക്കാനുദ്ദേശമുണ്ടോ ;

(ഇ) ജലസംഭരണികൾക്ക് ചുറ്റും മരം നട്ടുപിടിപ്പിച്ച് വനവൽക്കരണം നടത്താനുദ്ദേശമുണ്ടോ ?

ഉത്തരം

(എ) മലമ്പുഴ, മംഗലം, പോത്തുണ്ടി, വാളയാർ, മീൻകര, ചുള്ളിയാർ, ചിറ്റാർപുഴ, കുറ്റ്യാടി, പഴശ്ശി, പീച്ചി തുടങ്ങിയ ജലസംഭരണികളിൽ.

(ബി) അടിത്തട്ടിൽ കല്ലും മണ്ണും ചെളിയും അടിഞ്ഞുകൂടുന്നതുകൊണ്ട്.

(സി) ചെളി നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തിയുടെ അവകാശം ലേലം ചെയ്തുനല്കിവരുന്നു.

(ഡി) സമീപം ഏറ്റെടുത്തിട്ടുള്ള സ്ഥലത്ത് കൃഷി നിരോധിച്ചിട്ടുണ്ട്.

(ഇ) മൂവാറ്റുപുഴ പദ്ധതിക്ക് ചുറ്റും വനവൽക്കരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ജലസംഭരണികളുടെ സംഭരണശേഷി

48 (2326) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ ജലസംഭരണികളുടെ സംഭരണശേഷി എത്ര ; ഇപ്പോൾ ഓരോന്നിലും സംഭരിച്ചിട്ടുള്ള ജലത്തിന്റെ അളവെത്ര ;

(ബി) പല ജലസംഭരണികളും ചെളിനിറഞ്ഞു സംഭരണ ശേഷി കുറഞ്ഞിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇവയുടെ ചെളിമാറ്റി സംഭരണശേഷി വർദ്ധിപ്പിക്കാൻ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(ഡി) ഏതെല്ലാം ജലസംഭരണികളിൽ അപ്പർ ഡാം കെട്ടേണ്ട ആവശ്യമുണ്ട് ; ഇവ എപ്പോൾ കെട്ടാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ;

(ഇ) കർഷകരുടെ ആവശ്യം കണക്കിലെടുത്ത് ജലസംഭരണികളിൽ നിന്നും കൃഷിക്കാവശ്യമായ ജലം യഥാസമയം തുറന്നുനല്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിലവിലുള്ളത് ; എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly